ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 22.08.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1.) ഇന്ത്യ- പോളണ്ട് ബന്ധം തന്ത്രപരമായ പങ്കാളിത്തത്തിലേക്ക് ഉയർത്തുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി; പോളണ്ട് പ്രസിഡൻറുമായും പ്രധാനമന്ത്രിയുമായും ശ്രീ മോദി കൂടിക്കാഴ്ച നടത്തി.

**India and Poland have decided to transform their relationship into a Strategic Partnership. Shri Modi met the President and Prime Minister of Poland.**

2.) പ്രഥമ ദേശീയ ബഹിരാകാശ ദിനം നാളെ; ന്യൂഡൽഹിയിൽ നടക്കുന്ന ദിനാഘോഷ പരിപാടി, രാഷ്ട്രപതി ദ്രൗപതി മുർമു ഉദ്ഘാടനം ചെയ്യും.

**President Droupadi Murmu to inaugurate India's maiden national space day tomorrow.**

3.) കേന്ദ്രത്തിൽ പുതിയ സർക്കാർ നിലവിൽ വന്നതിന് ശേഷം 11 ലക്ഷം സ്ത്രീകൾ 'ലഖ്പതി ദീദിമാർ' ആയെന്ന് കേന്ദ്രമന്ത്രി ശിവ് രാജ് സിംഗ് ചൗഹാൻ.

**Union Minister of Agriculture and Rural Development Shivraj Singh Chouhan today said that 11 lakh women have become Lakhpati Didis within 100 days of the newly formed government.**

4.) ഹേമ കമ്മിറ്റി റിപ്പോർട്ടിൻറെ പശ്ചാത്തലത്തിൽ ചലച്ചിത്ര മേഖലയുമായി ബന്ധപ്പെട്ട കോൺക്ലേവ് നവംബറിൽ സംഘടിപ്പിക്കുമെന്ന് മന്ത്രി സജി ചെറിയാൻ.

**Minister Saji Cherian said that a conclave related to the film industry will be organized in November.**

5.) സ്വിറ്റ്സർലൻഡിൽ നടക്കുന്ന ലൊസാൻ ഡയമണ്ട് ലീഗ് മീറ്റിൽ പുരുഷവിഭാഗം ജാവ്ലിൻ ത്രോയിൽ നീരജ് ചോപ്ര ഇന്നിറങ്ങും.

Neeraj Chopra will compete in men's javelin throw at the Lausanne Diamond League meet in Switzerland today.

&&&&&&&&&&&&&&&&&&

## HEADLINE – 1

### EVE PM – POLAND VISIT

ഇന്ത്യ- പോളണ്ട് ബന്ധം തന്ത്രപരമായ പങ്കാളിത്തത്തിലേക്ക് ഉയർത്തുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. പോളണ്ട് പ്രധാനമന്ത്രി ഡോണൾഡ് ടസ്കുമായി വാർസോയിൽ നടന്ന ഉഭയകക്ഷി ചർച്ചയ്ക്ക് ശേഷമാണ് പ്രധാനമന്ത്രി ഇക്കാര്യം അറിയിച്ചത്. ജനാധിപത്യം, നിയമവാഴ്ച തുടങ്ങിയ മൂല്യങ്ങളെ അടിസ്ഥാനമാക്കിയുള്ള ബന്ധമാണ് ഇരു രാജ്യങ്ങളും പങ്കിടുന്നതെന്ന് പ്രധാനമന്ത്രി പറഞ്ഞു.

**PM BYTE**

യുക്രെയ്ൻ സംഘർഷത്തിനിടെ ഇന്ത്യൻ വിദ്യാർത്ഥികളെ രക്ഷിക്കാൻ പോളണ്ട് നൽകിയ സഹായം ഇന്ത്യയ്ക്ക് ഒരിക്കലും മറക്കാനാവില്ലെന്ന് പ്രധാനമന്ത്രി പറഞ്ഞു. വ്യത്യസ്ത പാരമ്പര്യങ്ങളും ചരിത്രങ്ങളും ഉണ്ടെങ്കിലും ഇന്ത്യയും പോളണ്ടും സഹകരണ മനോഭാവത്തിൽ വർത്തിക്കുന്നതായി പോളണ്ട് പ്രധാനമന്ത്രി ഡോണൾഡ് ടസ്ക് പറഞ്ഞു. ഉഭയകക്ഷി ചർച്ചയ്ക്ക് ശേഷം പ്രസിഡൻറ് ആന്ദ്രേ ദുദയുമായും പ്രധാനമന്ത്രി കൂടിക്കാഴ്ച നടത്തി. ദ്വിരാഷ്ട്ര പര്യടനത്തിൻ്റെ രണ്ടാം പാദത്തിൽ, പ്രസിഡൻ്റ് വൊളോദിമർ സെലെൻസ്കിയുടെ ക്ഷണപ്രകാരം ശ്രീ നരേന്ദ്രമോദി നാളെ യുക്രൈൻ സന്ദർശിക്കും.

&&&&&&&&&&&&&&&&&&

## HEADLINE – 2

### NATIONAL SPACE DAY

പ്രഥമ ദേശീയ ബഹിരാകാശ ദിനം രാജ്യം നാളെ ആഘോഷിക്കും. കഴിഞ്ഞ വർഷം ഓഗസ്റ്റ് 23-നാണ് ചന്ദ്രയാൻ-3 ദൗത്യത്തിന്റെ ഭാഗമായി, ചന്ദ്രൻറെ ദക്ഷിണ ധ്രുവത്തിൽ 'വിക്രം ലാൻഡർ' ഇന്ത്യ വിജയകരമായി ഇറക്കിയത്. ദൗത്യത്തിന്റെ ഉജ്ജ്വല വിജയത്തിൻറെ സ്മരണാർത്ഥമാണ് ഈ വർഷം മുതൽ ഓഗസ്റ്റ് 23 ദേശീയബഹിരാകാശ ദിനമായി ആഘോഷിക്കുന്നത്. ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ നടക്കുന്ന ദിനാഘോഷ പരിപാടി, രാഷ്ട്രപതി ദ്രൗപതി മുർമു ഉദ്ഘാടനം ചെയ്യും. രാജ്യമെമ്പാടും വിപുലമായ

ദിനാഘോഷ പരിപാടികളും അരങ്ങേറും. വിവിധ ഐ എസ് ആർ ഓ കേന്ദ്രങ്ങളുടെ നേതൃത്വത്തിലും ആഘോഷങ്ങൾ സംഘടിപ്പിക്കും.

&&&&&&&&&&&&&&&&&&

**HEADLINE – 3**

**SHIVRAJ-LAKHPATI**

കേന്ദ്രത്തിൽ പുതിയ സർക്കാർ നിലവിൽ വന്നതിന് ശേഷം 11 ലക്ഷം സ്ത്രീകൾ 'ലഖ്പതി ദീദിമാർ' ആയെന്ന് കേന്ദ്രഗ്രാമ വികസന മന്ത്രി ശിവ്രാജ് സിംഗ് ചൗഹാൻ. ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് സംസാരിക്കുക യായിരുന്നു അദ്ദേഹം. ഇവർക്കുള്ള സർട്ടിഫിക്കറ്റുകളുടെ വിതരണം പ്രധാനമന്ത്രി നരേന്ദ്രമോദി ഞായറാഴ്ച്ച മഹാരാഷ്ട്രയിലെ ജൽഗാവിൽ നിർവഹിക്കുമെന്ന് കേന്ദ്രമന്ത്രി പറഞ്ഞു. ലഖ്പതി ദീദിമാരുമായി പ്രധാനമന്ത്രി ചടങ്ങിൽ സംവദിക്കും. സ്വയം സഹായ സംഘങ്ങൾക്കുള്ള ധനസഹായ, വായ്പാ വിതരണവും ശ്രീ. മോദി നിർവഹിക്കും. രാജ്യത്തിന്റെ വിവിധ ഇടങ്ങളിൽ ഇതുമായി ബന്ധപ്പെട്ട പരിപാടികൾ സംഘടിപ്പിക്കുമെന്നും ശ്രീ. ശിവ്രാജ് സിംഗ് ചൗഹാൻ അറിയിച്ചു. ഒരു ലക്ഷം രൂപയിലധികം വാർഷിക വരുമാനമുള്ള സ്വയം സഹായ സംഘ അംഗങ്ങളെയാണ് ലഖ്പതി ദീദിമാർ എന്ന് വിശേഷിപ്പിക്കുന്നത്.

&&&&&&&&&&&&&&&&&&

**BANGLADESH - FLOOD**

ബംഗ്ലാദേശിലെ വെള്ളപ്പൊക്കത്തിന് കാരണം ത്രിപുരയിലെ അണക്കെട്ടിൽ നിന്ന് വെള്ളം തുറന്നുവിട്ടതല്ലെന്ന് ഇന്ത്യ. ബംഗ്ലാദേശിന്റെ കിഴക്കൻ അതിർത്തിയിലെ വെള്ളപ്പൊക്കത്തിന് കാരണം ഇന്ത്യ അണക്കെട്ട് തുറന്നതാണെന്ന രീതിയിൽ ആശങ്ക പരക്കുന്നതായി വിദേശകാര്യ മന്ത്രാലയം പ്രസ്താവനയിൽ പറഞ്ഞു. ത്രിപുരയിലെ ഗുംതി നദിയുടെ വൃഷ്ടിപ്രദേശങ്ങളിൽ ദിവസങ്ങളായി പെയ്ത ശക്തമായ മഴയാണ് വെള്ളപ്പൊക്കത്തിന് കാരണമായതെന്നും മന്ത്രാലയം വ്യക്തമാക്കി. എന്നാൽ അതിർത്തിയിലെ ജലസ്രോതസ്സുകളുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും ആശങ്കകളും ഉഭയകക്ഷി ചർച്ചയിലൂടെ പരിഹരിക്കാൻ ഇന്ത്യ പ്രതിജ്ഞാബദ്ധമാണെന്നും മന്ത്രാലയം അറിയിച്ചു.

&&&&&&&&&&&&&&&&&&

**EC-OBSERVERS MEETING**

ഹരിയാന, ജമ്മു കശ്മീർ നിയമസഭാ തിരഞ്ഞെടുപ്പുകൾക്ക് മുന്നോടിയായി തിരഞ്ഞെടുപ്പ് നിരീക്ഷകരുടെ യോഗം ന്യൂ ഡൽഹിയിൽ ചേർന്നു. മുഖ്യ

തിരഞ്ഞെടുപ്പ് കമ്മീഷണർ രാജീവ് കുമാർ, തിരഞ്ഞെടുപ്പ് കമ്മീഷണർമാരായ ഗ്യാനേഷ് കുമാർ, സുഖ്ബീർ സിംഗ് സന്ധു എന്നിവർ യോഗത്തെ അഭിസംബോധന ചെയ്തു.

&&&&&&&&&&&&&&&&&&

**MANN KI BAAT**

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവെക്കുന്ന പ്രതിമാസ റേഡിയോ പരിപാടിയായ മൻ കി ബാത്, ഈ ഞായറാഴ്ച രാവിലെ 11 മണിക്ക് പ്രക്ഷേപണം ചെയ്യും. പരിപാടിയിലേക്കുള്ള ആശയങ്ങളും അഭിപ്രായങ്ങളും നമോ ആപ്പ്, MyGov പ്ലാറ്റ് ഫോം, ടോൾ ഫ്രീ നമ്പരായ 1800-11-7800 എന്നിവയിലൂടെ നാളെ വരെ അറിയിക്കാം.

&&&&&&&&&&&&&&&&&&

**KOLKATA-CBI**

കൊൽക്കത്തയിൽ വനിതാ ഡോക്ടറെ കൊലപ്പെടുത്തിയ കേസിൽ അന്വേഷണത്തിൻറെ ഭാഗമായി ആർ ജി കർ മെഡിക്കൽ കോളേജ് മുൻ പ്രിൻസിപ്പൽ സന്ദീപ് ഘോഷിനെ സി ബി ഐ ചോദ്യം ചെയ്തു. അതിനിടെ, ആർ ജി കർ മെഡിക്കൽ കോളേജ് പ്രിൻസിപ്പലായി ഡോക്ടർ മനസ് ബന്ദോപാധ്യായയെ സംസ്ഥാന ആരോഗ്യ വകുപ്പ് നിയമിച്ചു. സന്ദീപ് ഘോഷിനെ കൊൽക്കത്തയിലെ നാഷണൽ മെഡിക്കൽ കോളേജ് പ്രിൻസിപ്പലായി നിയമിച്ച ഉത്തരവും സർക്കാർ റദ്ദാക്കി.

&&&&&&&&&&&&&&&&&&

**RDA- AIIMS RML STRIKE CALL OFF**

ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിലെയും ഡോ റാം മനോഹർ ലോഹ്യ ആശുപത്രിയിലെയും റസിഡന്റ് ഡോക്ടേഴ്സ് അസോസിയേഷനുകൾ സമരം പിൻവലിച്ചു. സുപ്രീം കോടതി നിർദേശത്തെ തുടർന്നാണ് തീരുമാനം. കൊൽക്കത്തയിലെ ആർജി കർ മെഡിക്കൽ കോളേജ് ആശുപത്രിയിലെ വനിതാ ഡോക്ടറെ കൊലപ്പെടുത്തിയ സംഭവത്തിൽ പ്രതിഷേധിച്ചും, ആരോഗ്യപ്രവർത്തകരുടെ സുരക്ഷയും ആവശ്യപ്പെട്ടാണ് ഡോക്ടർമാർ പണിമുടക്കിയത്.

&&&&&&&&&&&&&&&&&&

**JPC-WAQF (INTRO)**

വഖഫ് ഭേദഗതി ബിൽ പരിശോധിക്കാൻ രൂപീകൃതമായ സംയുക്ത പാർലമെൻററി സമിതിയുടെ ആദ്യ യോഗം ന്യൂ ഡൽഹിയിൽ ചേർന്നു. വിശദാംശങ്ങളിലേക്ക്.........

**(വോയ്സ്)**

ന്യൂനപക്ഷ സംഘടനകളിൽ നിന്നുള്ള പരമാവധി ആളുകൾക്ക് വഖഫ് ഭേദഗതി ബില്ലിലെ വകുപ്പുകൾ സംബന്ധിച്ച് ചർച്ച ചെയ്യാൻ അവസരം നൽകുമെന്ന്, യോഗത്തിന് മുന്നോടിയായി സംയുക്ത പാർലമെന്ററി സമിതി അധ്യക്ഷൻ ജഗ്ദംബിക പാൽ മാധ്യമങ്ങളോട് പറഞ്ഞു. വഖഫ് ഉടമസ്ഥതയിലുള്ള സ്വത്തുക്കൾ, പിന്നാക്കക്കാരായ മുസ്ലിങ്ങൾക്കും സ്ത്രീകൾക്കും സഹായകമാവുക എന്നതാണ് ബില്ലിന് പിന്നിലെ ലക്ഷ്യമെന്ന് അദ്ദേഹം പറഞ്ഞു. ബില്ലിലെ 44 ഭേദഗതി വ്യവസ്ഥകളും സമിതി ചർച്ച ചെയ്യുമെന്നും, പാർലമെൻ്റിൻ്റെ അടുത്ത സമ്മേളനത്തോടെ സമഗ്രമായ നിയമനിർമ്മാണം നടത്താൻ സാധിക്കുമെന്നും ശ്രീ. ജഗ്ദംബിക പാൽ പ്രത്യാശ പങ്കുവച്ചു. ലോക് സഭയിൽ നിന്നുള്ള 21 പേരും, രാജ്യസഭയിൽ നിന്നുള്ള 10 പേരുമാണ് സംയുക്ത പാർലമെന്ററി സമിതിയിലെ അംഗങ്ങൾ. വഖഫ് സ്വത്തുക്കളുടെ ഭരണം, പരിപാലനം എന്നിവയിലെ പോരായ്മകൾ പരിഹരിക്കാൻ ലക്ഷ്യമിട്ടാണ് ഭേദഗതി ബിൽ സർക്കാർ കൊണ്ടുവന്നത്. 1995 ലെ വഖഫ് ആക്ട് പുനർനാമകരണം ചെയ്യുക, കേന്ദ്ര- സംസ്ഥാന വഖഫ് ബോർഡുകളിലെ അംഗത്വം വിപുലമാക്കുക, ട്രിബ്യൂണൽ ഘടന പരിഷ്കരിക്കുക തുടങ്ങിയവ ബിൽ വ്യവസ്ഥ ചെയ്യുന്നു.

**ന്യൂസ് ഡെസ്ക്, ആകാശവാണി.....**

&&&&&&&&&&&&&&&&&&

## HEMA COMMITTEE - HIGH COURT

ഹേമ കമ്മിറ്റി റിപ്പോർട്ടിൻറെ പൂർണരൂപം മുദ്ര വച്ച കവറിൽ സമർപ്പിക്കാൻ സംസ്ഥാന സർക്കാരിന് നിർദ്ദേശം നൽകി ഹൈക്കോടതി. റിപ്പോർട്ടിൽ പറയുന്ന ലൈംഗിക പീഡനങ്ങളിൽ ക്രിമിനൽ നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെടുന്ന പൊതു താത്പര്യ ഹർജി പരിഗണിക്കുകയായിരുന്നു കോടതി. റിപ്പോർട്ടിലുള്ളത് ഗുരുതര കണ്ടെത്തലുകളാണെന്ന് നിരീക്ഷിച്ച കോടതി, ഇത് സംബന്ധിച്ച് കേരള സർക്കാർ വിശദമായ സത്യവാങ്മൂലം സമർപ്പിക്കണമെന്നും ആവശ്യപ്പെട്ടു. അടുത്ത മാസം 10 ന് കേസിൽ ഹൈക്കോടതി തുടർവാദം കേൾക്കും.

&&&&&&&&&&&&&&&&&&

## HEADLINE – 4

## HEMA COMMITTE

ഹേമ കമ്മിറ്റി റിപ്പോർട്ടുമായി ബന്ധപ്പെട്ട ഹൈക്കോടതി ഇടപെടലിനെ സ്വാഗതം ചെയ്യുന്നതായും, കേസ് എടുക്കാൻ കോടതി നിർദ്ദേശിച്ചാൽ സർക്കാർ ഇതനുസരിച്ച് പ്രവർത്തിക്കുമെന്നും മന്ത്രി സജി ചെറിയാൻ. റിപ്പോർട്ടുമായി ബന്ധപ്പെട്ട ഭരണപരമായ നടപടികളുമായി സർക്കാർ മുന്നോട്ട് പോവുകയാണെന്നും ചലച്ചിത്ര മേഖലയുമായി

ബന്ധപ്പെട്ട കോൺക്ലേവ് നവംബറിൽ കൊച്ചിയിൽ സംഘടിപ്പിക്കുമെന്നും മന്ത്രി അറിയിച്ചു. അതേസമയം, ഇരകളെയും വേട്ടക്കാരെയും ഒന്നിച്ചിരുത്തിയുള്ള സിനിമ കോൺക്ലേവ് അനുവദിക്കില്ലെന്ന് പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ പ്രതികരിച്ചു.

&&&&&&&&&&&&&&&&&&

**HEADLINE – 5**

**NEERAJ CHOPRA- DIAMOND LEAGUE**

സ്വിറ്റ്സർലൻഡിൽ നടക്കുന്ന ലൊസാൻ ഡയമണ്ട് ലീഗ് മീറ്റിൽ പുരുഷ വിഭാഗം ജാവലിൻ ത്രോയിൽ നീരജ് ചോപ്ര ഇന്നിറങ്ങും. പരിക്കേറ്റ നീരജ് ലൊസാൻ മീറ്റിൽ നിന്ന് പിന്മാറിയേക്കുമെന്ന് സൂചനകൾ ഉണ്ടായിരുന്നുവെങ്കിലും പിന്നീട് മത്സരത്തിനിറങ്ങാൻ തീരുമാനിക്കുക യായിരുന്നു.

&&&&&&&&&&&&&&&&&&

**SREEJESH**

പാരീസ് ഒളിമ്പിക്സിൽ ഉൾപ്പെടെ തുടർച്ചയായി രണ്ട് ഒളിമ്പിക് മെഡലുകൾ കരസ്ഥമാക്കിയ ഹോക്കി താരം പി.ആർ. ശ്രീജേഷിന് തിങ്കളാഴ്ച തിരുവനന്തപുരം ജിമ്മി ജോർജ് ഇൻഡോർ സ്റ്റേഡിയത്തിൽ വിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ സ്വീകരണം നൽകും. മുഖ്യമന്ത്രി പിണറായി വിജയൻ ചടങ്ങിൽ പങ്കെടുക്കും.

&&&&&&&&&&&&&&&&&&

**L.MURUGAN**

അമൃത വിശ്വവിദ്യാപീഠം നാഗർകോവിൽ ക്യാമ്പസിൻറെ ഉദ്ഘാടന ചടങ്ങിൽ കേന്ദ്ര വാർത്താ വിതരണ, പ്രക്ഷേപണ സഹമന്ത്രി എൽ.മുരുഗൻ പങ്കെടുത്തു. രാജ്യത്തിൻറെ വളർച്ചയിൽ അമൃത വിശ്വവിദ്യാപീഠം നിർണായക സംഭാവനകൾ നൽകുന്നതായി മന്ത്രി പറഞ്ഞു. വിദ്യാഭ്യാസ, ഗവേഷണ മേഖലയിൽ ഉന്നത നിലവാരം പുലർത്താൻ സ്ഥാപനത്തിന് സാധിച്ചതായും അദ്ദേഹം വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

**CM - KERALA**

ദുരന്ത മുഖങ്ങളിൽ അഗ്നിരക്ഷാസേന നടത്തുന്ന പ്രവർത്തനം സ്തുത്യർഹമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. കണ്ണൂർ പെരിങ്ങോം ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷൻ പുതിയ കെട്ടിടത്തിന്റെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. 2018ലെ പ്രളയ കാലത്തും

കോവിഡിലും വയനാട് ഉരുൾപൊട്ടൽ മേഖലയിലും ഫയർഫോഴ്സ് സംഘം നടത്തിയ പ്രവർത്തനങ്ങളെ മുഖ്യമന്ത്രി അഭിനന്ദിച്ചു.

&&&&&&&&&&&&&&&&&&

## SC–LANKA ELECTION

ശ്രീലങ്കയിൽ, മാറ്റിവച്ച തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പ് ഉടൻ നടത്താൻ തിരഞ്ഞെടുപ്പ് കമ്മീഷനോട് സുപ്രീം കോടതി ഉത്തരവിട്ടു. തിരഞ്ഞെടുപ്പ് മാറ്റിവെച്ചതിലൂടെ വോട്ടർമാരുടെ മൗലിക അവകാശങ്ങൾ ലംഘിക്കപ്പെട്ടിരിക്കുകയാണെന്ന് കോടതി വിലയിരുത്തി.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&&&